**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1887** **11-10-2024 - ൽ മറുപടിയ്ക്ക്**

**ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി മണലൂർ മണ്ഡലത്തിൽ കളിക്കളം നിർമ്മിക്കുന്നതിനായി തെരഞ്ഞെടുത്ത പ്രവൃത്തി ഏതാണ്; | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ മണലൂർ നിയോജകമണ്ഡത്തിൽ നിന്നും മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് കളിസ്ഥലമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത പ്രവത്തിയുടെ ആകെ അടങ്കൽ തുക എത്രയാണ്; ഇതിൽ എം.എൽ.എ. യുടെ ആസ്തി വികസന പദ്ധതിയിൽ നിന്നും എത്ര രൂപ അനുവദിച്ചിട്ടുണ്ട്; | (ബി) | പ്രസ്തുത പ്രവൃത്തിയുടെ ആകെ അടങ്കൽ തുക 50 ലക്ഷം രൂപയാണ്. ഇതിൽ ബഹു. എം.എൽ.എയുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ ഭരണാനുമതി സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (സി) | പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടില്ല. |
| (ഡി) | പ്രസ്തുത പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്നും എന്നത്തേക്ക് പ്രവൃത്തികൾ പൂർത്തീകരിക്കാനാവുമെന്നും വ്യക്തമാക്കാമോ? | (ഡി) | 02.09.2024 - ൽ എം.എൽ.എ ഫണ്ട് അനുവദിച്ച് കൊണ്ട് തൃശ്ശൂർ ജില്ലാ കളക്ടറുടെ കത്ത് ലഭിച്ചതിനെ തുടർന്ന് പ്രസ്തുത പദ്ധതിയുടെ ഭരണാനുമതി എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന ഫീൽഡിൽ നിന്നും തയ്യാറാക്കി വരികയാണ്. എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് ശേഷം ഭരണാനുമതിക്കായി തൃശ്ശൂർ ജില്ലാ കളക്ടർക്കും, കായിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കുന്നതാണ്. ജില്ലാകളക്ടറിൽ നിന്നും എം.എൽ.എ ഫണ്ട് വിഹിതമായ 25 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച ശേഷം കായിക വകുപ്പ് ഡയറക്ടറുടെ സംയുക്ത ഭരണാനുമതി കൂടി ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തിയ്ക്ക് ദർഘാസ് ക്ഷണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ